# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1921 — 15.07.16 -ൽ മറുപടിക്ക്

## റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.മുഹമ്മദ് മുഹസിൻ .പി. | | മാത്യു ടി തോമസ് (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | നിലവിൽ റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് നടത്തുന്ന നദീസംരക്ഷണ പ്രവർത്തനങ്ങൾ ഏതൊക്കെയെന്ന് വിശദമാക്കാമോ; | (എ) | നിലവിൽ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് നദികളുടെ തീരസംരക്ഷണത്തിനായി പാർശ്വഭിത്തി നിർമ്മാണം, നദികൾക്കു കുറുകെ തടയണകൾ നിർമ്മിച്ച് ജലസംരക്ഷണം എന്നീ പ്രവർത്തനങ്ങൾ ആണ് നടത്തുന്നത്. |
| (ബി) | നിളാ സംരക്ഷണത്തിന്റെ ഭാഗമായി പട്ടാമ്പിയിൽ റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് എന്തെങ്കിലും പ്രവൃത്തികൾ നടത്തിയിട്ടുണ്ടോ; | (ബി) | നിളാ സംരക്ഷണത്തിന്റെ ഭാഗമായി പട്ടാമ്പിയിൽ റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് പ്രവൃത്തികളൊന്നും നടപ്പാക്കിയിട്ടില്ല. പട്ടാമ്പിയിൽ റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് തൂതപ്പുഴയിൽ താഴെ പറയുന്ന പ്രവൃത്തികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്.<br>i) കുലുക്കല്ലൂർ പഞ്ചായത്തിലെ മാപ്പാട്ടുകര തടയണയുടെ താഴെ ഭാഗത്ത് തൂതപ്പുഴയുടെ സംരക്ഷണ പ്രവൃത്തി -30-ലക്ഷം - പ്രസ്തുത പണി പൂർത്തീകരിച്ചു.<br>ii) വിളയൂർ പഞ്ചായത്തിൽ തൂതപ്പുഴയിൽ പുലമന്തോൾ തടയണയ്ക്ക് താഴെ ഭാഗത്ത് അരിക് സംരക്ഷണം - 55- ലക്ഷം - പ്രസ്തുത പണിക്ക് സാങ്കേതാനുമതി നൽകി, ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | വിനിയോഗമില്ലാതെ അവശേഷിക്കുന്ന ഇത്തരം ഫണ്ടുകളുപയോഗിച്ച് അടിയന്തരമായി നദീ സംരക്ഷണത്തിനുതകുന്ന ബൃഹത്തായ പദ്ധതികൾ ആരംഭിക്കാൻ കഴിയുമോയെന്ന് വെളിപ്പെടുത്തുമോ? | (സി) | റിവർ മാനേജ്മെന്റ് ഫണ്ട് റവന്യൂ വകുപ്പാണ് കൈകാര്യം ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ